**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948</u>** **<u>14-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ജല സംരക്ഷണ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മഴക്കാലത്ത് അധികമായി ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിന് ചെക്ക് ഡാമുകളും, റെഗുലേറ്ററുകളും നിർമ്മിക്കുന്ന പദ്ധതി പ്രാർത്തികമാക്കിയിട്ടുണ്ടോ; | (എ) | മഴക്കാലത്ത് സംസ്ഥാനത്ത് അധികമായി ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിന് ചെക്ക് ഡാമുകളും റഗുലേറ്ററുകളും, വെന്റഡ് ക്രോസ് ബാറുകളും നിർമ്മിക്കുന്ന പ്രവൃത്തി ജലസേചന വകുപ്പ് നിർവ്വഹിച്ചു വരുന്നു.പ്രാദേശികമായ സാഹചര്യം അനുസരിച്ച് ജലസംരക്ഷണത്തിനായി തടയണയകൾ കേരള ജല അതോറിറ്റി നിർമ്മിക്കാറുണ്ട്.ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും, സംപോഷണവും' പദ്ധതിയിൽ ഉൾപ്പെടുത്തി മൈക്രോവാട്ടർഷെഡ് അടിസ്ഥാനത്തിൽ ഭൂജലസംരക്ഷണത്തിനായി ചെറിയ തടയണകളുടെ നിർമ്മാണം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ലോക ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ ജലനിധി പദ്ധതിയിൽ സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയുടെ (ബാക്കിക്കയം) കുറുകെ ചെക്ക് ഡാം കം റഗുലേറ്റർ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ചെറിയ തടയണകൾ (184 എണ്ണം) നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു. KIIDC മുഖേന ഇത്തരം 21 പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ 16 റെഗുലേറ്റർ പദ്ധതികളും 5 നദികൾക്ക് കുറുകെ ബൻധാരകൾ നിർമ്മിക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ് ; | (ബി) | ജലവിഭവ സംരക്ഷണത്തിന് അനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റാണ് നീർത്തടങ്ങൾ. ഇത് കണക്കിലെടുത്ത് നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും പ്രസ്തുത പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളതിനനുസരിച്ച് തടയണകൾ, റഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും കൂടാതെ, നിലവിലുള്ള ജലസേചന നിർമ്മിതികൾ പുനരിദ്ധരിക്കുക, നിർമ്മിതികൾക്കടുത്ത് അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ |

| | | | |
|---|---|---|---|
| | | | ചെളി/മണൽ മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് ജലസംരക്ഷണം സുഗമമാക്കുക തുടങ്ങിയ പദ്ധതികൾ നിർവ്വഹിക്കാൻ കഴിഞ്ഞു. കൂടാതെ, ഡാമുകൾ, വലിയ ജലസംഭരണികളായ ഏരികൾ തുടങ്ങിയവയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഡീസിൽറ്റിംഗ് നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധ(2) മായി ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിന്റെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1. ഇടമലയാർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെട്ട ദീർഘകാലമായി മുടങ്ങിക്കിടന്ന ലോ ലെവൽ കനാലിന്റെ ചെ.10599 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള ഭാഗത്തെ (എം.സി റോഡ് ക്രോസിംഗ്) കനാലിന്റെ നിർമ്മാണം 2020 ൽ പൂർത്തീകരിച്ചു. 2. പട്ടിശേരി ഡാമിന്റെ പുനർ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. 3. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി, കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളെ ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ച് 2020 ജൂലൈ 10-ാം തീയതി കമ്മീഷൻ ചെയ്തിട്ടുണ്ട്. 4. ഇറിഗേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂരിനു കീഴിൽ അഞ്ച് റഗുലേറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിശദാംശങ്ങൾ അനുബന്ധം (3) ആയി ഉള്ളടക്കം ചെയ്യുന്നു. ജലദൗർലഭ്യം മുന്നിൽ കണ്ടുകൊണ്ട് ഉള്ള ജലം പരമാവധി കൃഷി സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും കനാലിലൂടെയുള്ള ജലനിർഗ്ഗമനം കാര്യക്ഷമമാക്കുന്നതിനുമായി ടി കാര്യാലയത്തിനു കിഴിലുള്ള വിവിധ ജലസേചന പദ്ധതികളുടെ കനാലുകളിൽ എല്ലാ വർഷവും അറ്റകുറ്റ പ്രവൃത്തിക്കായി വകയിരുത്തുന്ന ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ കാര്യാലയത്തിൻ കീഴിൽ കനാൽ അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്. ഭൂജലവകുപ്പ് 2019-20 സാമ്പത്തിക വർഷം 5 ചെറിയ തടയണകൾ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ നടപ്പിലാക്കുന്നതിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. KIIDC മുഖേന7 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു, പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദ വിവരങ്ങൾ അനുബന്ധം (4) ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു |
| (സി) | ഐ.ഡി.ആർ.ബി.യുടെ കീഴിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റെഗുലേറ്ററുകൾ | (സി) | ചീഫ് എഞ്ചിനീയർ (ഐ ഡി ആർ ബി) കാര്യാലയത്തിൽ ജലസേചനവുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | നിർമ്മിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ? വിശദാംശം നൽകുമോ; | | പ്രവൃത്തികളുടെ രൂപകൽപ്പനയാണ് ചെയ്തുവരുന്നത്. പദ്ധതികളുടെ ആവശ്യകതയും മുൻഗണനയും കണക്കിലെടുത്ത് ഇവ പൂർത്തീകരിച്ച് നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 24 പ്രവർത്തികളുടെ ഡിസൈൻ ഐ.ഡി.ആർ.ബി. പൂർത്തിയാക്കി നൽകിയിട്ടുണ്ട്. |
| (ഡി) | വെള്ളപ്പൊക്കം തടയുന്നതിന് പുതുതായി ഡാമുകൾ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി) | ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 1) കാര്യാലയത്തിനു കീഴിൽ നിർമ്മിക്കുവാനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളായ പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി (SAKKP), ഭവാനി ല്ല ബേസിനിൽ അട്ടപ്പാടി ജലസേചന പദ്ധതി, വയനാട് ജില്ലയിലെ കബനി ബേസിനിൽ കടമാൻ തോട് പദ്ധതി എന്നിവയ്ക്കായുള്ള അണക്കെട്ടുകൾ പ്രളയം നിയന്ത്രിക്കുന്നതിന് കൂടി ഉദ്ദേശിച്ചിട്ടുള്ളവയാണ്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്നതിനായി M/s TATA Consulting Engineers Limited, Matulya Centre, Senapati Bapat Marg, Mumbai എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു അട്ടപ്പാടി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്രജലക്കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയത്തെ സംബന്ധിച്ച് കേന്ദ്ര ഏജൻസിയായ ക്രേന്ദ ജല കമ്മീഷൻ ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിൽ പമ്പ, പെരിയാർ, അച്ചൻകോവിൽ ബേസിനുകളിൽ പ്രളയ നിയന്ത്രണത്തിനും മറ്റാവശ്യങ്ങൾക്കുമായി മൾട്ടിപർപ്പസ് ഡാമുകൾ നടപ്പിലാക്കാനുള്ള സാധ്യതകൾ വിശകലനം ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ജലവിഭവ വകുപ്പ് പെരിയാർ, മണിമല,മീനച്ചിൽ, ചാലിയാർ, ചാലക്കുടി എന്നീ നദികളിൽ പ്രളയ നിയന്ത്രിത ഡാമുകളുടെ സാധ്യതാപഠനം വിശകലനം ചെയ്തുവരുന്നു. |
| (ഇ) | എവിടെയൊക്കെയാണ് പുതിയതായി ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ഇ) | ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം 1) കാര്യാലയത്തിനു കീഴിൽ നിർമ്മിക്കുവാനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളായ പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി (SAKKP), ഭവാനി ല്ല ബേസിനിൽ അട്ടപ്പാടി ജലസേചന പദ്ധതി, വയനാട് ജില്ലയിലെ കബനി ബേസിനിൽ കടമാൻ തോട് പദ്ധതി എന്നിവയ്ക്കായുള്ള അണക്കെട്ടുകൾ പ്രളയം നിയന്ത്രിക്കുന്നതിന് കൂടി ഉദ്ദേശിച്ചിട്ടുള്ളവയാണ്. |

| | | | |
|---|---|---|---|
| | | | കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്നതിനായി M/s TATA Consulting Engineers Limited, Matulya Centre, Senapati Bapat Marg, Mumbai എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു അട്ടപ്പാടി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്രജലക്കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയത്തെ സംബന്ധിച്ച് കേന്ദ്ര ഏജൻസിയായ ക്രേന്ദ്ര ജല കമ്മീഷൻ ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിൽ പമ്പ, പെരിയാർ, അച്ചൻകോവിൽ ബേസിനുകളിൽ പ്രളയ നിയന്ത്രണത്തിനും മറ്റാവശ്യങ്ങൾക്കുമായി മൾട്ടിപർപ്പസ് ഡാമുകൾ നടപ്പിലാക്കാനുള്ള സാധ്യതകൾ വിശകലനം ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ജലവിഭവ വകുപ്പ് പെരിയാർ, മണിമല,മീനച്ചിൽ, ചാലിയാർ, ചാലക്കുടി എന്നീ നദികളിൽ പ്രളയ നിയന്ത്രിത ഡാമുകളുടെ സാധ്യതാപഠനം വിശകലനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ